"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'സാന്ത്വന' പദ്ധതി - കോട്ടയം ജില്ല - വിവാഹ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/NORKA തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. സ.ഉ.(കൈ.) നമ്പർ 4/2003/നോർക്ക തീയതി 30.10.2003
2. സ.ഉ.(കൈ.)നമ്പർ 2/2005/നോർക്ക തീയതി 27.05.2005
3. സ.ഉ.(കൈ.) നമ്പർ 4/2013/നോർക്ക തീയതി 01.06.2013
4. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.11.2025 തീയതിയിലെ റൂട്ട്സ്/5864/2025/KTM/WAD-1(A) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'സാന്ത്വന' പദ്ധതി പ്രകാരം ധനസഹായം അഭ്യർത്ഥിച്ച് കോട്ടയം ജില്ലയിൽ നിന്നും ലഭിച്ച ചുവടെച്ചേർക്കുന്ന അപേക്ഷകളിന്മേൽ, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചും ഓരോ അപേക്ഷകരുടെയും തനതു പരിതസ്ഥിതികളും കൂടി കണക്കിലെടുത്തും ചുവടെ പ്രതിപാദിക്കും പ്രകാരം വിവാഹ ധനസഹായം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | അപേക്ഷകരുടെ പേരും, എസ്.എ.എൻ.റ്റി. നമ്പരും | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ. രാജു കെ.ആർ.<br>SANT No. 43182 | ₹ 10,000/-<br>(പതിനായിരം രൂപ മാത്രം) |
| 2 | ശ്രീ. P.K ഗോപാലകൃഷ്ണൻ ചെട്ടിയാർ<br>SANT No. 43008 | ₹ 15,000/-<br>(പതിനയ്യായിരം രൂപ മാത്രം) |

2. മേൽ പരാമർശിക്കുന്ന അപേക്ഷകർക്ക് സാന്ത്വന പദ്ധതി പ്രകാരം മുൻപ് ധനസഹായം നൽകിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിന് ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുവദിച്ച തുക അപേക്ഷകർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജിസി ആർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
(അപേക്ഷകളുടെ അസ്സൽ ഉള്ളടക്കം ചെയ്യുന്നു)

സെന്റർ മാനേജർ, നോർക്ക-റൂട്ട്സ് മേഖല കാര്യാലയം, എറണാകുളം.

(ധനസഹായം അനുവദിച്ച വിവരം അപേക്ഷകരെ അറിയിക്കേണ്ടതാണ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് (എ&ഇ/ഓഡിറ്റ്) ജനറൽ, കേരളം, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ബി1/342/2025/നോർക്ക)/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Githin. S. V
Date: 27-01-2026 16:50:13

സെക്ഷൻ ഓഫീസർ